മാതൃഭൂമി
സത്യം സമത്വം സ്വാതന്ത്ര്യം

## പുതുവഴിവെട്ടിയ സ്വാമി

ഭിക്ഷാപാത്രവും മനുഷ്യൻ ഒഴിച്ചുവീണ 'ബ്ലു'കൊണ്ടും വിശാലമാം പാടങ്ങളെ നിത്യഹരിതവിപ്ലവത്തിലൂടെ ഹരിതാഭമാക്കിയ മഹാശാസ്ത്രജ്ഞൻ മടങ്ങി. രാജ്യത്തെ ജനകോടികളെ സുരക്ഷിതമായി ഊട്ടാൻ മണ്ണും വിത്തുമൊരുക്കിയ മങ്കൊമ്പ് സാംബശിവൻ സ്വാമിനാഥൻ ഇനി ആ മണ്ണിൽത്തന്നെ വിലയിക്കും.



ജീവിതരേഖ

1925 ...

1944 ...

1947 ...

1949 ...

1950 ...

1953 ...

1954 ...

1966 ...



1972 ...

1972 ... 1979 ...

1982 ... 1986 ...

1984 ... 1990 ...

1987 ...

1988 ...

1990 ...

1999 ...

2002 2005 ...

2004 ...

2007 ...

2007 ...

2010 ...



# ഇന്ത്യയുടെ വിശപ്പുമാറ്റിയ മനുഷ്യൻ!

1960-കളുടെ രണ്ടാംപകുതിയിൽ സ്വാമിനാഥന്റെ നേതൃത്വത്തിൽ ഇന്ത്യയിലരങ്ങേറിയ കാർഷിക മുന്നേറ്റത്തിന്റെ യഥാർഥ മാനമറിയാൻ വെറും രണ്ടുപതിറ്റാണ്ടുകൊണ്ട് ഇന്ത്യക്കാരുടെ ശരാശരി ആയുർദൈർഘ്യം പത്തുവർഷം വർധിച്ചു എന്നറിഞ്ഞാൽമതി

ജോസഫ് ആന്റണി



മങ്കൊമ്പ് സാംബശിവൻ സ്വാമിനാഥൻ
1925-2023



ഇന്ത്യയിൽ ഒരു ഏകീകൃത വിപണനസംവിധാനം ഉണ്ടാകണമെന്നായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം...



## എന്നെ ഞാനാക്കിയ ഗുരു

രാവിലെ എട്ടിനുമുമ്പ് കാർഷികമേഖലയിലെ പരീക്ഷണങ്ങളും പഠനങ്ങളും നിരീക്ഷിക്കാൻ അദ്ദേഹം ഫീൽഡിൽ എത്തുന്നതുകാണാൻ കാത്തുനിന്നിട്ടുണ്ട്



കെ. ഗോപാലകൃഷ്ണ പിള്ള

എം.കെ. സുരേഷ്



എം.എസ്. സ്വാമിനാഥനും കെ. ഗോപാലകൃഷ്ണ പിള്ളയും

...ഫെല്ലോഷിപ്പോടെയായിരുന്നു പഠനം. രാവിലെ എട്ടിനുമുമ്പ് കാർഷികമേഖലയിലെ പരീക്ഷണങ്ങളും പഠനങ്ങളും നിരീക്ഷിക്കാൻ അദ്ദേഹം ഫീൽഡിൽ എത്തുന്നതുകാണാൻ കാത്തുനിന്നിട്ടുണ്ട്. നെല്ലുത്പാദനത്തിൽ മുന്നിലുള്ള ദക്ഷിണാഫ്രിക്കൻ രാജ്യങ്ങളിലടക്കം ഉപദേശ...

...തിരുവനന്തപുരത്തു താമസമാക്കിയപ്പോഴും ആ ബന്ധം തുടർന്നു. കെ.ജി. പിള്ള എഴുതിയ 'മെമ്മറീസ് ഓഫ് മൈ ലൈഫ് ആൻഡ് ഫോറസ്റ്റ്' എന്ന പുസ്തകം സ്വാമിനാഥന് അയക്കാൻ കവറിലാക്കിവെച്ചിരുന്നു. ഇതിനിടെയാണ് മരണമെത്തുന്നത്. ഇനി അദ്ദേഹത്തിന്റെ മകൾക്ക് അയച്ചുകൊടുക്കും.

## കുട്ടനാടിനെ ലോകത്തിന് പരിചയപ്പെടുത്തിയ കർമയോഗി



## തേടിവന്ന ബഹുമതികൾ



1987-ൽ വാഷിങ്ടണിൽ വേൾഡ് ഫുഡ് പ്രൈസ് ഏറ്റുവാങ്ങുന്നു

ഭാരതത്തെ ഭക്ഷണക്കുടയാക്കി മാറ്റിയ എം.എസ്. സ്വാമിനാഥന് കാർഷികമേഖല നൽകിയ അംഗീകാരങ്ങളും എണ്ണമറ്റതാണ്. 1971-ൽ മഗ്സസെ അവാർഡ്, 1987-ലെ റോമിൽ നടന്ന ഐക്യരാഷ്ട്ര ഭക്ഷ്യ കോൺഗ്രസ് അധ്യക്ഷ പദവി, 1987-ൽ വേൾഡ് ഫുഡ് പ്രൈസ്, 2000-ൽ ഫ്രാങ്ക്ലിൻ റൂസ്‌വെൽറ്റ് പുരസ്കാരം തുടങ്ങി 33 ദേശീയ പുരസ്കാരങ്ങളും 32 അന്താരാഷ്ട്ര പുരസ്കാരങ്ങളും അദ്ദേഹത്തിന് ലഭിച്ചു.

ഇന്ത്യയിലെത്തന്നെ 33-ലധികം സർവകലാശാലകൾ അദ്ദേഹത്തിന് ഓണററി ബിരുദം നൽകിയിട്ടുണ്ട്. ഡൽഹി യൂണിവേഴ്സിറ്റിയും ബനാറസ് ഹിന്ദു സർവകലാശാലയും അടക്കമുള്ളവയാണ് അദ്ദേഹത്തെ ആദരിച്ചത്. 11 വിദേശ സർവകലാശാലകളിൽനിന്ന് ഡോക്ടറേറ്റ് ലഭിച്ചിട്ടുണ്ട്. ജർമനി, ഇറ്റലി, നെതർലൻഡ്, അമേരിക്ക തുട...

### പ്രധാന പുരസ്കാരങ്ങൾ

| | |
|---|---|
| 1967 | പദ്മശ്രീ |
| 1971 | മഗ്സസെ അവാർഡ് |
| 1972 | പദ്മഭൂഷൺ |
| 1987 | റോമിൽ നടന്ന ഐക്യരാഷ്ട്ര ഭക്ഷ്യ കോൺഗ്രസ് അധ്യക്ഷപദവി |
| 1987 | വേൾഡ് ഫുഡ് പ്രൈസ് |
| 1989 | പദ്മവിഭൂഷൺ |
| 2000 | ഫ്രാങ്ക്ലിൻ റൂസ്‌വെൽറ്റ് പുരസ്കാരം |
| 2013 | ഇന്ദിരാഗാന്ധി പുരസ്കാരം |
| 2021 | കേരള ശാസ്ത്രപുരസ്കാരം |

## കേരളം തറവാട്

എല്ലാവർഷവും വേനലവധിക്കാലം മുത്തച്ഛനായ കൃഷ്ണയ്യരുടെ അധീനതയിലുള്ള മങ്കൊമ്പിലുള്ള കൊട്ടാരംവീട്ടിലാണ് ചെലവഴിച്ചത്

കെ.കെ. സുരേഷ് കുമാർ



ഡോ. എം.എസ്. സ്വാമിനാഥന്റെ ഭൗതികശരീരത്തിനരികെ മകൾ സൗമ്യ സ്വാമിനാഥൻ

## പ്രണാമമർപ്പിച്ച് രാജ്യം



## കൃഷിശാസ്ത്രത്തെ പ്രയോഗവത്കരിച്ച ശാസ്ത്രജ്ഞൻ

## കേരളത്തിന്റെ അഭിമാനം

## രാജ്യസഭയിലെ വിപ്ലവം

2007 മുതൽ 2013 വരെ രാജ്യസഭയിലെ നോമിനേറ്റഡ് അംഗമായിരുന്നു സ്വാമിനാഥൻ

മനോജ് മേനോൻ



ഇന്ദിരാഗാന്ധിക്കൊപ്പം

## കർഷകരുടെ വേദന കണ്ടറിഞ്ഞ ശാസ്ത്രജ്ഞൻ



കെ. കൃഷ്ണൻകുട്ടി (കൃഷിമന്ത്രി)

താങ്ങുവില (എം.എസ്.പി.) എന്ന ഫോർമുല കാർഷികമേഖലയ്ക്ക് രൂപപ്പെടുത്തിയത് സ്വാമിനാഥനാണ്